**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ മണ്ണെണ്ണ സബ്സിഡി ഇല്ലാതാക്കിയതും മണ്ണെണ്ണക്ക് വില വർദ്ധിപ്പിച്ച് പ്രതിലിറ്ററിന് 143 രൂപയാക്കിയതും വർദ്ധിപ്പിച്ച വിലയ്ക്ക് ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമാക്കാത്തതും കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ അളവിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര ഫിഷറീസ് മന്ത്രിയെ ഈ മാസം 17,18 തിയതികളിൽ സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം നേരിട്ട് സന്ദർശിച്ച് ചർച്ച നടത്തുകയും കുറഞ്ഞ വിലയിൽ സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലിറ്ററിന് 25 രൂപ വീതം സബ്സിഡി നൽകുന്നതിന് സംസ്ഥാനം പ്രതിമാസം എത്ര തുക വിനിയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ശരാശരി 1.69 കോടി രൂപ പ്രതിമാസം മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് ചെലവഴിക്കുന്നുണ്ട് . |
| (സി) | കേന്ദ്ര സർക്കാർ ഇന്ധനം ലഭ്യമാക്കാതിരിക്കുന്നത് മത്സ്യബന്ധനം അസാദ്ധ്യമാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സി.എൻ.ജി., എൽ.എൻ.ജി. തുടങ്ങിയവ ഇന്ധനമായി ഉപയോഗിക്കുന്ന എഞ്ചിനുകളുടെ സാദ്ധ്യത പരിശോധിക്കുമോ? | (സി) | പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണയ്ക്ക് പകരം എൽ.എൻ.ജി ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള പരിശ്രമങ്ങൾ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ പെട്രോനെറ്റുമായി സഹകരിച്ച് നടത്തിയിരുന്നു. എന്നാൽ എൽ.എൻ.ജി യുടെ വില ക്രമാതീതമായി വർദ്ധിച്ചത് മൂലവും, എൽ.എൻ.ജി സിലിണ്ടറുകളുടെ ഭാരം പരമ്പരാഗത വള്ളങ്ങൾക്ക് താങ്ങാൻ പറ്റില്ലെന്ന അഭിപ്രായമുള്ളതിനാലും ഇക്കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ